**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6331 — 20.11.2019 ൽ മറുപടിയ്ക്ക്

## വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.യിൽ പ്രത്യേക ബാച്ച്

*ചോദ്യം*
ശ്രീ.ഒ. ആർ. കേളു :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** വയനാട് ജില്ലയിലെ എല്ലാ സർക്കാർ ഐ.ടി.ഐ.കളിലുമായി എത്ര വിദ്യാർത്ഥി കൾക്കാണ് 2019 ൽ പ്രവേശനം നൽകിയത് എന്നറിയിക്കാമോ; | **(എ)** വയനാട് ജില്ലയിലെ കൽപ്പറ്റ, നെന്മേനി, വെള്ളമുണ്ട എന്നീ 3 സർക്കാർ ഐടിഐകളിലായി 367 വിദ്യാർത്ഥികൾക്ക് 2019 ൽ പ്രവേശനം നൽകിയിട്ടുണ്ട്. |
| **(ബി)** വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ. യിൽ 2019 ൽ പ്രവേശനത്തിനായി ലഭിച്ച അപേക്ഷകളിൽ എത്ര ശതമാനം പേർക്ക് പ്രവേശനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; | **(ബി)** 2019 ൽ പ്രവേശനത്തിനായി 5853 അപേക്ഷകൾ ലഭിച്ചിരുന്നു. പ്രവേശനം നൽകുവാൻ ലഭ്യമായിട്ടുള്ള 68 സീറ്റുകളിലും പ്രവേശനം നൽകി. ഇത് മൊത്തം അപേക്ഷകളുടെ 1.16 ശതമാനമാണ്. |
| **(സി)** വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ. യുടെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | **(സി)** വെള്ളമുണ്ട ഗവ.ഐടിഐയുടെ പരിശീലന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതി നായി കെട്ടിട നിർമ്മാണത്തിന് 1.21 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുവാൻ സംസ്ഥാന പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗത്തെ) ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| **(ഡി)** വയനാട് ജില്ലയിലെ പട്ടികവർഗ വിദ്യാർത്ഥികളുടെ തൊഴിൽ പരിശീലന സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വെള്ളമുണ്ട ഗവൺമെന്റ് ഐ.ടി.ഐ.യിൽ പ്രത്യേക ബാച്ച് ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | **(ഡി)** ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ